(ബി) സർക്കാർ ഉത്തരവ് (എം.എസ്.) 177/87/പൊ.വി. തീയതി 22-8-1987 സ. ഉ. (എം. എസ്) 11/02/പൊ.വി. തീയതി 7-1-2002, സ.ഉ.(പി) 83/2003/ പൊ.വി. തീയതി 3-4-2003 എന്നീ ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) മുൻ ഉത്തരങ്ങളുടെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

പ്ലസ് ടു സ്കൂളുകളിലെ പ്രിൻസിപ്പൽ നിയമനം

173 (2899) ശ്രീ. വി. ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര സർക്കാർ പ്ലസ് ടു സ്കൂളുകൾ ഉണ്ട് ;

(ബി) ഈ സ്കൂളുകളിലെ പ്രിൻസിപ്പൽമാരെ നിയമിക്കാൻ സർക്കാർ ഭാഗത്തു നിന്നും നടപടികൾ ഉണ്ടാകുമോ ;

(സി) അവരുടെ സീനിയോറിറ്റി നിശ്ചയിക്കുന്നത് ഏത് മാനദണ്ഡം അനുസരിച്ചാണ് ;

(ഡി) ജോയിനിംഗ് ടൈം മാനദണ്ഡമായി സ്വീകരിച്ചാൽ ധാരാളം ക്രമക്കേടുകൾ ഉണ്ടാകുന്നുണ്ടെന്ന കാര്യം സർക്കാർ പരിശോധിച്ചിട്ടുണ്ടോ ;

(ഇ) പ്ലസ് ടു സ്പെഷ്യൽ റൂൾസ് പ്രകാരം 12 വർഷം എച്ച്. എസ്.എ. സർവ്വീസും 5 വർഷം പ്ലസ് ടു സർവ്വീസും അല്ലെങ്കിൽ രണ്ടും കൂടി 17 വർഷം സർവ്വീസും പ്രിൻസിപ്പൽ നിയമനത്തിന് ക്വാളിഫൈഡ് സർവ്വീസ് പറഞ്ഞിരിക്കെ അതിന് വിപരീതമായി ജോയിനിംഗ് ടൈം മാനദണ്ഡമായി സ്വീകരിച്ച് പ്രിൻസിപ്പൽ നിയമന ഉത്തരവ് ഇറക്കിയിട്ടുണ്ടോ ?

ഉത്തരം

(എ) 416 സർക്കാർ പ്ലസ് ടു സ്കൂളുകൾ ഉണ്ട്.

(ബി) പ്രിൻസിപ്പൽമാരുടെ തസ്തിക ഇതുവരെ സൃഷ്ടിച്ചിട്ടില്ല. തസ്തിക സൃഷ്ടിച്ചതിനുശേഷം നിയമനം നടത്തുന്നതാണ്.

(സി) സ്പെഷ്യൽ റൂൾസ് അനുസരിച്ച്.

(ഡി&ഇ) റഗുലർ നിയമനം നടക്കാത്ത സാഹചര്യത്തിൽ ചോദ്യം പ്രസക്തമല്ല.

എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂൾ അദ്ധ്യാപകർക്ക് പ്രോവിഡന്റ് ഫണ്ട്

174 (2900) ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly